**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487</u>** **<u>19-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ഉണ്ട്. ഒന്നു മുതൽ 10-ാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തിയായതിനെ തുടർന്ന് അടുത്ത അധ്യയനവർഷം 11-ാം ക്ലാസിലും പുതിയ പുസ്തകങ്ങൾ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഹയർസെക്കന്ററി പാഠ്യപദ്ധതി പരിഷ്കരണത്തിന്റ ഭാഗമായി, വിപുലമായ ജനകീയ ചർച്ചകൾ, സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാതലങ്ങളിലും 2025 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ആദ്യഘട്ടത്തിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ 80 ടൈറ്റിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഹയർ സെക്കൻഡറി പഠനം സെമസ്റ്റർ രീതിയിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് 2023-ലെ ഒരു നിർദ്ദേശമാണ് ഹയർസെക്കന്ററി പഠനം സെമസ്റ്റർ രീതിയിലേക്ക് മാറ്റുക എന്നത്. ദേശീയതലത്തിൽ നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക്, ഉപരിപഠനത്തിന് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നിർബന്ധിത വ്യവസ്ഥയായി മാറുന്നപക്ഷം സംസ്ഥാനത്തും ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ